പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5968

07.07.2014 ലെ മറുപടിയുടെ പൂർണ്ണമായ മറുപടി

## ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ദേശീയ തൊഴിലുറപ്പ പദ്ധതിയുടെ സാധ്യതകൾ പരിഗണിക്കുമോ; | (എ) കൃഷി വകുപ്പിന്റെ താഴെപ്പറയുന്ന പദ്ധതികൾക്ക് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പരിഗണിക്കാവുന്നതാണ്.<br>a) തരിശുഭൂമിയിലെ പച്ചക്കറി കൃഷി<br>b) നെൽകൃഷി മേഖലയിൽ വിവിധ പദ്ധതികൾ<br>c) വാഴ കൃഷി<br>d) തെങ്ങുകൃഷി പദ്ധതികൾ<br>e) ജലസേചന കനാലുകൾ വൃത്തിയാക്കുക<br>f) ജലസേചന കുളങ്ങൾ നിർമ്മിക്കുക |
| (ബി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായി അറിയാമോ; | (ബി) തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1ഉം 2 ഉം കാതലായ മാറ്റങ്ങൾ ഉൾപ്പെടുത്തി കേന്ദ്രസർക്കാർ ഭേദഗതി ചെയ്യുകയുണ്ടായി. പ്രസ്തുത പട്ടിക 1ലെ ഖണ്ഡിക 4(1) പ്രകാരം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ മറ്റ് ദുർബല ജനവിഭാഗങ്ങൾ എന്നിവരുടെ ഭൂമിയിൽ, കാർഷിക ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള ഭൂവികസന പ്രവൃത്തികളും, കിണറുകൾ, കുളങ്ങൾ മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികളും, പഴകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നീ പ്രവൃത്തികളും തരിശ് ഭൂമി/പാഴ് ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കുന്ന പ്രവൃത്തികളും മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കുകയും മേൽ സൂചിപ്പിച്ച വിഭാഗങ്ങളിലെ അർഹരായ എല്ലാ ഗുണഭോക്താക്കളുടെ ഭൂമിയിലും വീട്ടുവളപ്പിലും ഏറ്റെടുക്കേണ്ട എല്ലാ പ്രവൃത്തികളും പൂർണ്ണമായും ഏറ്റെടുത്ത് പൂർത്തീകരിച്ച ശേഷം 2008 ലെ കാർഷിക കടാശ്വാസ പദ്ധതിയിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മുകളിൽ പ്രതിപാദിച്ച പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമുള്ള അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ പ്രകടമല്ലാത്തതും അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതും ആവർത്തന സ്വഭാവമുള്ളതുമായ നേരിട്ടുള്ള കാർഷിക പ്രവർത്തനങ്ങൾ പദ്ധതിയിൽ ഏറ്റെടുക്കുന്നത് നിരോധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കാർഷിക മേഖലയിൽ തൊഴിലാളി ദൗർലഭ്യം പ്രധാന തടസ്സമായിരിക്കെ തൊഴിലുറപ്പുപദ്ധതിയുടെ സാധ്യത ഇക്കാര്യത്തിൽ പരിഗണിക്കുമോ? | (സി) | നെൽകൃഷി മേഖലയിൽ ഞാറു നടീൽ, വാഴ, പച്ചക്കറി എന്നീ വിളകൾക്ക് വേണ്ടി നിലം ഒരുക്കൽ, നടീൽ എന്നിവയും ഗ്രൂപ്പ് ഫാമിംഗ്, തെങ്ങിന്റെ ക്ലസ്റ്റർ കൃഷി എന്നീ മേഖലകളിലും തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ.